# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 14 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പീച്ചി രണ്ട് ഷട്ടറുകൾ ഇന്ന് (ആഗ. 15) തുറക്കും; പെരിങ്ങൽക്കുത്ത് ഡാമിന്റെ രണ്ടാം സ്ലൂയിസ് ഗേറ്റ് തുറന്നു

ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് പീച്ചി ഡാമിന്റെ രണ്ട് ഷട്ടറുകൾ ഇന്ന് (ആഗസ്റ്റ് 15) ഉയർത്തും. നീരൊഴുക്ക് വർദ്ധിച്ച സാഹചര്യത്തിൽ മുൻകരുതലെന്ന നിലയിൽ മാത്രമാണ് ചെറിയ തോതിൽ ജലം പുറത്തേക്ക് വിടുക. 74.60 ശതമാനം വെള്ളമാണ് ഇപ്പോഴുള്ളത്. ഇപ്പോഴത്തെ ജലനിരപ്പ് 77.49 മീറ്റർ ആണ്. പരമാവധി ജലനിരപ്പ് 79.25 മീറ്റർ. നിലവിൽ വാട്ടർ അതോറിറ്റിക്ക് കുടിവെള്ള വിതരണത്തിനായല്ലാതെ വെള്ളം പുറത്തേക്ക് വിടുന്നില്ല. പീച്ചി ഡാം തുറക്കുന്ന സാഹചര്യത്തിൽ മണലിപ്പുഴയുടെയും കരുവന്നൂർ പുഴയുടെയും തീരപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം. ജില്ലാ കളക്ടർ നിർദ്ദേശമനുസരിച്ച് കണ്ണാറ, നടത്തറ, പാണഞ്ചേരി, പുത്തൂർ, നെൻമണിക്കര, പീച്ചി, പറപ്പൂക്കര, മൂര്യാട്, അളഗപ്പനഗർ, വെള്ളാങ്ങല്ലൂർ, കാറളം, കാട്ടൂർ, പുതുക്കാട് ഗ്രാമപഞ്ചായത്തുകൾ, തൃശൂർ കോർപറേഷൻ, ഇരിങ്ങാലക്കുട നഗരസഭ എന്നിവിടങ്ങളിൽ ജാഗ്രത മുന്നറിയിപ്പ് നൽകി.

ഡാമിന്റെ വൃഷ്ടിപ്രദേശത്ത് തുടർച്ചയായി മഴ പെയ്യുന്നതിനാൽ പെരിങ്ങൽക്കുത്ത് ഡാമിലെ നീരൊഴുക്ക് വർധിച്ച സാഹചര്യത്തിൽ രണ്ടാമത്തെ സ്ലൂയിസ് ഗേറ്റ് ബുധനാഴ്ച രണ്ട് മണിക്ക് തുറന്നു. ബുധനാഴ്ചയാണ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കളക്ടർ ഇതിന് അനുമതി നൽകിയത്. നീരൊഴുക്ക് കുറഞ്ഞതിനെ തുടർന്ന് പെരിങ്ങൽക്കുത്തിന്റെ രണ്ടാം സ്ലൂയിസ് ഗേറ്റ് ചൊവ്വാഴ്ച അടച്ചതായിരുന്നു. ചൊവ്വാഴ്ച സംഭരണ ശേഷിയുടെ 37 ശതമാനം മാത്രമേ വെള്ളം ഉണ്ടായിരുന്നുള്ളൂ. നിലവിലത് 64.297 ശതമാനമായി ഉയർന്നിട്ടുണ്ട്. 419.65 മീറ്ററാണ് പെരിങ്ങൽക്കുത്തിന്റെ ജലനിരപ്പ്. ഇതോടെ സ്ലൂയിസ് ഗേറ്റിന് പുറമെ ക്രസ്റ്റ് ഗേറ്റിലൂടെയും ജലം ചാലക്കുടി പുഴയിലേക്ക് ഒഴുകുന്നുണ്ട്. ഡാമിന്റെ ജലനിരപ്പിന്റെ പരിധി 419.41 മീറ്ററിൽ നിലനിർത്തി പകൽസമയത്ത് രണ്ടാമത്തെ സ്ലൂയിസ് ഗേറ്റ് കൂടി തുറക്കാനാണ് നിർദേശം.

ഇതുമൂലം ചാലക്കുടി പുഴയിലെ ജലനിരപ്പ് ക്രമാതീതമായി ഉയരാനും വെള്ളം കലങ്ങാനും സാധ്യതയുള്ളതിനാൽ, പുഴയിൽ മത്സ്യബന്ധനത്തിനും മറ്റ് അനുബന്ധ പ്രവൃത്തികൾക്കും നിയന്ത്രണം ഏർപ്പെടുത്തി.

കേരള ഷോളയാറിൽ നിലവിൽ സംഭരണ ശേഷിയുടെ 56.21 ശതമാനം വെള്ളമുണ്ട്. നിലവിലെ 2634.1 അടി. പരമാവധി ജലനിരപ്പ് 2663 അടി. വെള്ളം പുറത്തേക്ക് വിടുന്നില്ല.

വാഴാനി ഡാമിൽ നിലവിൽ സംഭരണ ശേഷിയുടെ 78.47 ശതമാനം വെള്ളമുണ്ട്. ഇപ്പോഴത്തെ ജലനിരപ്പ് 58.83 മീറ്റർ. പരമാവധി ജലനിരപ്പ് 68.48 മീറ്റർ. സ്പിൽവേകളെല്ലാം അടച്ചിരിക്കുന്നു. പുറത്തേക്ക് വെള്ളം തുറന്നുവിടുന്നില്ല.

മറ്റു ഡാമുകളിലെ ജിലനിരപ്പ്: പത്താഴക്കുണ്ട് 11.7 മീറ്റർ, അസുരൻകുണ്ട് 8.97 മീറ്റർ, പൂമല 27.6 അടി.

## ജില്ലയിൽ 223 ദുരിതാശ്വാസ ക്യാമ്പുകൾ

ജില്ലയിൽ 223 ദുരിതാശ്വാസ ക്യാമ്പുകളാണുള്ളത്. 15195 കുടുംബങ്ങളിലെ 45309 പേരാണ് ക്യാമ്പുകളിലുള്ളത്. ഇതിൽ 18994 പുരുഷന്മാരും 19832 സ്ത്രീകളും 6483 കുട്ടികളുമുണ്ട്. ഇതുവരെ 225 വീടുകൾ ഭാഗികമായും 25 വീടുകൾ പൂർണ്ണമായും തകർന്നു.

# സ്വാതന്ത്ര്യ ദിനാഘോഷം: ജില്ലയിൽ മന്ത്രി എ.സി. മൊയ്തീൻ സല്യൂട്ട് സ്വീകരിക്കും

73-ാം സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായുള്ള ജില്ലാതല പരിപാടികൾ ഇന്ന് രാവിലെ തേക്കിൻകാട് മൈതാനം വിദ്യാർത്ഥി കോർണറിൽ നടക്കും. 8.30 ന് പതാക ഉയർത്തും. തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ അഭിവാദ്യം സ്വീകരിക്കുകയും സ്വാതന്ത്ര്യ ദിന സന്ദേശം നൽകുകയും ചെയ്യും. പരേഡിനൊപ്പം മികച്ച നേട്ടങ്ങൾ സ്വന്തമാക്കിയവർക്കുള്ള ട്രോഫി വിതരണവും നടക്കും. ജില്ലാ കളക്ടർ എസ്. ഷാനവാസ് ഉൾപ്പടെയുള്ളവർ പങ്കെടുക്കും. ദേശീയഗാനാലപനത്തോടെ പരിപാടി അവസാനിക്കും.

# കൊടുങ്ങല്ലൂർ താലൂക്കിൽ ക്യാമ്പുകൾ ഒഴിയുന്നു: ഇനി ശുചീകരണം

മഴ കുറഞ്ഞു വെള്ളം താഴാൻ തുടങ്ങിയതോടെ കൊടുങ്ങല്ലൂർ താലൂക്കിലെ ദുരിതാശ്വാസക്യാമ്പുകളിൽ താമസിക്കുന്നവരും വീടുകളിലേക്ക് മടങ്ങാൻ ആരംഭിച്ചു. വീടുകളിലേക്ക് മടങ്ങാൻ ബുദ്ധിമുട്ടുള്ളവരെ മറ്റ് ഷെൽട്ടറുകളിലേക്ക് മാറ്റി താമസിപ്പിക്കാൻ നടപടിയായി. സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ തുടങ്ങുന്ന സാഹചര്യത്തിലാണിത്. താലൂക്കിൽ 47 ക്യാമ്പുകൾ ഉണ്ടായിരുന്നത്. 33 ആയി കുറഞ്ഞു. വെള്ളം ഇറങ്ങിയെങ്കിലും വീടുകളിലും പരിസരങ്ങളിലും ചെളി നിറഞ്ഞ് കിടക്കുന്നു. വീടുകളിൽ നിന്നുള്ള ചളി നീക്കൽ അതത് മേഖലകളിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തുടങ്ങി. പകർച്ചവ്യാധികൾ പരക്കാൻ ഇടം നൽകാതെയുള്ള ശുചീകരണ പ്രവർത്തനമാണ് നാട്ടുകാരുടെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ നടപ്പാക്കുന്നത്. അണുവിമുക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചു. എടത്തുരുത്തി, കൈപ്പമംഗലം, പെരിഞ്ഞനം പഞ്ചായത്തുകളിൽ ക്യാമ്പുകൾ ഒന്നും തന്നെ ഒഴിഞ്ഞിട്ടില്ല. കനോലി കനാൽ നിറഞ്ഞ് ഈ ഭാഗങ്ങളിലെ 300 വീടുകളിൽ വെള്ളം നിറഞ്ഞ സാഹചര്യത്തിലാണിത്. കൊടുങ്ങല്ലൂർ പുല്ലൂറ്റ് യുപി സ്കൂൾ, പുല്ലൂറ്റ് ലേബർ സ്കൂൾ, കൊടുങ്ങല്ലൂർ ടൌൺഹാൾ, കോട്ടപ്പുറം കിഡ്സ് ക്യാമ്പസ് എന്നിവിടങ്ങളിലെ ക്യാമ്പുകൾ പൂർണമായും ഒഴിഞ്ഞു. മേത്തല ശൃംഗപുരം ഗവ. ബോയ്സ് ഹയർസെക്കൻഡറി സ്കൂൾ, മേത്തല ബാലാനുബോധിനി എന്നിവിടങ്ങളിലാണ് ഇപ്പോഴും ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. എറിയാട് പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന അഴീക്കോട് ജി.യു.പി.എസ്, അഴീക്കോട് പുത്തൻ പള്ളി മദ്രസ ഹാൾ എന്നിവിടങ്ങളിലെ ക്യാമ്പുകളിൽ താമസിച്ചിരുന്നവരെ അഴീക്കോട് സുനാമി ഷെൽട്ടറിലേക്ക് മാറ്റി പുനരധിവസിപ്പിച്ചു.

മഴമാറിയാൽ രണ്ടു ദിവസത്തിനുള്ളിൽ താലൂക്കിലെ ബാക്കിയുള്ള ക്യാമ്പുകളിലുള്ളവരും വീടുകളിലേക്ക് മടങ്ങും. അല്ലാത്തവർക്ക് താൽക്കാലിക സംവിധാനം ഏർപ്പെടുത്തുമെന്ന് അധികൃതർ അറിയിച്ചു. കൊടുങ്ങല്ലൂർ നഗരസഭയിലെ 44 വാർഡുകളിൽ വെള്ളം കയറിയ പ്രദേശങ്ങളും വീടുകളും വൃത്തിയാക്കാൻ ഓരോ വാർഡ് കൗൺസിലമാർക്കും 5000 രൂപ വീതം അനുവദിച്ചതായി നഗരസഭ ചെയർമാൻ കെ.ആർ ജൈത്രൻ അറിയിച്ചു. നിലവിൽ ചെയർമാൻ കൺവീനർ ആയുള്ള സാനിറ്റേഷൻ കമ്മറ്റിയിൽ നിന്ന് ശുചീകരണത്തിനായി യഥേഷ്ടം ഉപയോഗിക്കാവുന്ന ഫണ്ടിന് പുറമെയാണ് ഈ തുക. അതത് പഞ്ചായത്തുകളിൽ ശുചീകരണപ്രവർത്തികളുമായി ബന്ധപ്പെട്ട് യോഗം ചേർന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിലെ വാർഡ് മെമ്പർമാർ ശുചീകരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. വീടുകളിലും പരിസരപ്രദേശങ്ങളിലും ക്ലോറിനേഷൻ നടത്തും. ക്ളീനിങ്ങിന് ആവശ്യമായ ബക്കറ്റ്, ചൂൽ, കുമ്മായം, ബ്ളീച്ചിങ് പൗഡർ, കയ്യുറകൾ മറ്റ് അവശ്യവസ്തുക്കൾ എന്നിവ മെമ്പർമാർക്ക് നൽകും. നിലവിൽ താലൂക്കിൽ പ്രവർത്തിക്കുന്ന ക്യാമ്പുകളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

മേത്തല ഗവ. ബോയ്സ് ഹൈസ്കൂൾ ശൃംഗപുരം-234, ബാലാനുബോധിനി എൽപി-52, അഴീക്കോട് സുനാമി ഷെൽട്ടർ-10, ചെന്ത്രാപ്പിന്നി ഗവ. മാപ്പിള ഹയർസെക്കണ്ടറി സ്കൂൾ-136, ചെന്ത്രാപ്പിന്നി ആർ,സി. യുപി-71, എടത്തുരുത്തി പൈനൂർ എൻഎൽപിഎസ്-47, എടത്തുരുത്തി സെന്റ് ആൻസ് കോൺവെന്റ്-317, എടത്തുരുത്തി ചൂലൂർ ഐടിഐ-58, എടത്തുരുത്തി അൽ അൻവറുൾ ഇസ്ലാമിക് എൽപി സ്കൂൾ-44, ചെന്ത്രാപ്പിന്നി എച്ച്എസ്-224, ചെന്ത്രാപ്പിന്നി

പെരുമ്പടപ്പ് ഈസ്റ്റ് യുപി സ്കൂൾ-32, എടവിലങ്ങ് കാര ഫിഷറീസ് എൽപി-146, എടവിലങ്ങ് ഗവ. എച്ച്എസ്-133, എടവിലങ്ങ് കാര സെന്റ് ആൽബന-24, എറിയാട് കെ.വി.എച്ച്.എസ്.എസ്-175, എറിയാട് ശിശുവിദ്യാപോഷിണി-154, എറിയാട് എംഐടി-33, കയ്പമംഗലം പ്രിയദർശിനി കമ്മ്യൂണിറ്റി ഹാൾ-114, കയ്പമംഗലം പുത്തൻപള്ളി മദ്രസ-27, കയ്പമംഗലം കൂരിക്കുഴി മദ്രസ-51, കയ്പമംഗലം ക്ഷേമോദയം ഗവ. സ്കൂൾ-80, കയ്പമംഗലം ബുസ്താനുൽ ഉലൂം മദ്രസ-89, കയ്പമംഗലം ആർ.സി. യുപിഎസ്-209, പി.വെമ്പല്ലൂർ അയ്യപ്പൻകാവ് എഫ്ആർയുപിഎസ്-127, പി.വെമ്പല്ലൂർ എംഐടി യുപിഎസ്-10, പി.വെമ്പല്ലൂർ ഗവ. ഫിഷറീസ്-25, മതിലകം സെന്റ് ജോസഫ്സ്-226, മതിലകം കളരിപ്പറമ്പ് യുപിഎസ്-36, പെരിഞ്ഞനം ഈസ്റ്റ് യുപിഎസ്-126, പെരിഞ്ഞനം ജിയുപിഎസ്-252, എസ്.എൻപുരം പള്ളിനട എംഎആർഎം-70, കൂളിമുട്ടം മണ്ടത്തറ എൽപിഎസ്-80, കൂളിമുട്ടം പൊക്ലായി കെഎംഎൽപിഎസ്-2.

## മഴ കനത്തു:
## അന്തിക്കാട് ക്യാമ്പുകൾ സജീവം

രണ്ടു ദിവസത്തെ ഇടവേളയ്ക്കു ശേഷം മഴ കനത്തതോടെ അന്തിക്കാട് മേഖലയിൽ ക്യാമ്പുകൾ വീണ്ടും സജീവമായി. മഴ മാറിനിന്നപ്പോൾ വീടുകളിലേക്ക് മാറിയ മുഴുവനാളുകളും വീണ്ടും ക്യാമ്പുകളിലേക്ക് തിരിച്ചെത്തി. കനത്തമഴയിൽ കൂടുതൽ വീടുകളിലേക്ക് വെള്ളം കയറിയതിനെ തുടർന്ന് ഇന്ന് അന്തിക്കാട് ബ്ലോക്കിനുകീഴിൽ 3 പുതിയ ക്യാമ്പുകൾ ആരംഭിച്ചു. അരിമ്പൂർ പഞ്ചായത്തിൽ അരിമ്പൂർ എച് എസ്, ചാഴൂർ പഞ്ചായത്തിൽ പുത്തൻപീടിക എച് എസ് സ്കൂൾ , മണലൂർ പഞ്ചായത്തിൽ മണലൂർ എച് എസ് എന്നിവിടങ്ങളിലാണ് പുതിയ ക്യാമ്പുകൾ ആരംഭിച്ചത്. താന്യം പഞ്ചായത്തിൽ അംഗങ്ങളുടെ എണ്ണം കൂടിയതിനെ തുടർന്ന് എ എൽ പി എസ് ചെമ്മാപ്പിള്ളി യിലെ അംഗങ്ങളെ സെറാഫിക് കോൺവെന്റ് പെരിങ്ങോട്ടുകരയിലേക്കു മാറ്റി. നൂറിലധികം കുടുംബങ്ങളാണ് ഇന്ന് ക്യാമ്പുകളിൽ രെജിസ്റ്റർ ചെയ്തത്.

## മഴയൊഴിഞ്ഞില്ല:
## കനോലി കനാലിൽ ജലനിരപ്പ് കൂടി

രണ്ട് ദിവസം കുറഞ്ഞു നിന്ന മഴ പൂർവ്വാധികം ശക്തിയോടെ തിരിച്ചെത്തിയപ്പോൾ കനോലി കനാലിൽ ജലനിരപ്പ് പിന്നെയും ഉയർന്നു. നിറഞ്ഞൊഴുകിയിരുന്ന കനാലിൽ ഒരടിയോളമാണ് പിന്നെയും വെള്ളം പൊങ്ങിയത്. ഇതോടെ പടിഞ്ഞാറൻ മേഖലയിൽ നിന്ന് ഒഴിഞ്ഞു പോയ വെള്ളക്കെട്ട് വീണ്ടും തിരിച്ചു വന്നു. എടത്തുരുത്തി, കയ്പമംഗലം പ്രദേശങ്ങളിലെ ആളുകളാണ് ഇതോടെ ബുദ്ധിമുട്ടിലായത്. കഴിഞ്ഞ ഞായറാഴ്ച മുതലാണ് ജലനിരപ്പ് ഉയരാൻ തുടങ്ങിയത്. വെള്ളം പൊങ്ങുന്നതും ഒഴുക്കില്ലാത്തതും കൂടുതൽ ആശങ്ക സൃഷ്ടിക്കുന്നുണ്ട്. കരുവന്നൂർ ഹരിപുരം താണിശ്ശേരി കെഎൽഡിസി ബണ്ട് പൊട്ടിയതും വെള്ളം പൊങ്ങാൻ കാരണമായി. ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡിന് കിഴക്ക് ഭാഗത്തെ പ്രദേശങ്ങളായ കോഴിത്തുമ്പ്, ചെന്ത്രാപ്പിന്നി ഈസ്റ്റ്, മധുരംപിള്ളി, ചളിങ്ങാട് കൂനിപ്പറമ്പ്, കാക്കാത്തുരുത്തി, ലാൽ ബഹദൂർ ശാസ്ത്രി കോളനി, തുടങ്ങിയ സ്ഥലങ്ങളിലാണ് വെള്ളതിനാടിയിലായത്. പ്രദേശത്തെ ആളുകൾ മുഴുവനും ക്യാമ്പുകളിലും ബന്ധുവീടുകളുമായി താമസിക്കുകയാണ്. സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ ആരംഭിക്കുന്നതോടെ ക്യാമ്പുകളിൽ താമസിക്കുന്നവരും ആശങ്കയിലാണ്. ക്യാമ്പുകളിൽ നിന്ന് ഒഴിഞ്ഞു പോയവരും തിരികെ ക്യാമ്പുകളിലേയ്ക്ക് തിരികെയെത്തുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. എടത്തുരുത്തി, കയ്പമംഗലം, ചെന്ത്രാപ്പിന്നി, പെരിഞ്ഞനം ഭാഗത്തെ 16 ക്യാമ്പുകളിലായി 1877 ആളുകളാണ് ഇപ്പോഴും താമസിക്കുന്നത്.

## ജാഗ്രതയോടെ ഒരു ജാഗ്രതാസമിതി

കനത്ത മഴയിലും കയ്യ് മറന്ന് സ്വജീവനെകുറിച്ച് പോലും ആശങ്കയില്ലാത്ത രക്ഷാപ്രവർത്തനം നടത്തുകയാണ് അഴീക്കോട് കടലോരം ജാഗ്രതാസമിതി അംഗങ്ങൾ. കേരളം നേരിടുന്ന പ്രളയദുരന്തത്തെ അതിജീവിക്കാൻ നിർലോഭമായ സഹകരണമാണ് ജാഗ്രതാ സമിതിയംഗങ്ങൾ നൽകുന്നത്. സമിതിയുടെ കീഴിൽ 11 ബോട്ടുകളാണ് സുരക്ഷാടീമുമായി

ജാഗ്രതാസമിതിയുടെ കീഴിൽ വിവിധ ഇടങ്ങളിലേക്ക് രക്ഷാപ്രവർത്തനത്തിനായി പോയത്. മലപ്പുറം, പാലക്കാട്, വടക്കാഞ്ചേരി, മാള, പറപ്പൂക്കര തുടങ്ങി വിവിധ ഇടങ്ങളിലേക്ക് പോയ ബോട്ടുകളിൽ പലതും ഇന്നലെ തിരിച്ചെത്തി. തിരിച്ചെത്തിയവ എപ്പോൾ വേണമെങ്കിലും അടുത്ത യാത്രയ്ക്ക് സുസജ്ജമാണെന്ന് ജാഗ്രതാസമിതി ചെയർമാൻ അഷ്റഫ് പൂവത്തിങ്കൽ പറഞ്ഞു. മലപ്പുറം കവളപ്പാറയിൽ 16 പേരടങ്ങുന്ന സംഘമാണ് രക്ഷാപ്രവർത്തനത്തിലുള്ളത്. മലമ്പുഴയിലേക്ക് പോയ രക്ഷാസംഘം തിങ്കളാഴ്ച തിരിച്ചെത്തി. ചൊവ്വാഴ്ച അഴീക്കോട് നിന്നും മാളയിൽ നിന്നുമായി നാൽപതഗസംഘം നിലമ്പൂരിലേക്കും പുറപ്പെട്ടു. തീരദേശത്തെ മാത്രമല്ല, മറ്റ് ജില്ലകളിൽ നടക്കുന്ന പ്രകൃതി ദുരന്തങ്ങളെ ജാഗ്രതയോടെ നേരിടുകയാണ് ഇവർ. ജില്ലയിലെ തീരദേശ മേഖലയുടെ സുരക്ഷ ശക്തമാക്കുവാനാണ് ജില്ലാതല കടലോര ജാഗ്രതാസമിതി അഴീക്കോട് രൂപീകൃതമായത്. കടൽ വഴിയുള്ള ദേശ വിരുദ്ധ ശക്തികളുടെ ആക്രമണം തടയുന്നതിന് അഴീക്കോട് തീര ദേശപോലീസിന്റെ രഹസ്യാന്വേഷണ വിഭാഗവും കടലോര ജാഗ്രതാ സമിതിയും സംയുക്തമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. അഴീക്കോട് തീരദേശപോലീസിന്റെയും ഫിഷറീസ് വകുപ്പിന്റെയും നാട്ടുകാരുടെയും പൂർണമായ സഹകരണത്തോടെയാണ് ജാഗ്രതാസമിതിയുടെ പ്രവർത്തനം.

## കൊണ്ടാഴിയിൽ മണ്ണിടിച്ചിൽ ഭീഷണി തുടരുന്നു

കൊണ്ടാഴിയിൽ മണ്ണിടിച്ചിൽ ഭീഷണി തുടരുന്നു. കൊണ്ടാഴിയിൽ വനത്തിൽ പാറയിൽ വിള്ളൽ കണ്ട പ്രദേശത്ത് മണ്ണിടിച്ചലിന് സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ്. കഴിഞ്ഞ തിങ്കളാഴ്ചയോടെയാണ് പാറമേൽപടി മേലേമുറി കുളമ്പ് മുള്ളമടയിലെ ജനവാസ കേന്ദ്രത്തിനടുത്ത് വനത്തിലെ പാറകളിൽ 30 മീറ്റർ നീളത്തിലുള്ള വിള്ളലുകൾ കണ്ടത്. ജിയോജളി വകുപ്പും ജില്ലാ മണ്ണുസംരക്ഷണ വകുപ്പും പരിശോധന നടത്തി. കനത്ത മഴ തുടർന്നാൽ മലയിലെ മണ്ണിടിച്ചിലിനു സാധ്യത ഉണ്ടെന്നും അഞ്ച് മീറ്റർ വരെ ചെങ്കുത്തായി മണ്ണിടിയാൻ സാധ്യതയുണ്ടെന്നും വിദഗ്ധർ പറഞ്ഞു. മലയ്ക്കു താഴെയുള്ള അപകട സാധ്യത കൂടിയ ആറ് കുടുംബങ്ങളെ പാറമേൽപ്പടി സരസ്വതിവിലാസം സ്കൂളിലെ ആരംഭിച്ച ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റി. കൂടാതെ പ്രദേശവാസികൾ രണ്ട് ആഴ്ച്ചത്തേക്ക് വീടുകളിലേക്ക് മടങ്ങരുതെന്ന് ജിയോളജി വകുപ്പ് നിർദ്ദേശവും കൊടുത്തിട്ടുണ്ട്. കഴിഞ്ഞ ദിവസം നടന്ന പരിശോധനയിൽ യു ആർ പ്രദീപ് എംഎൽഎ, ജിയോളജി-മണ്ണുസംരക്ഷണ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ സ്ഥലം സന്ദർശിച്ചു.

## മലബാറിന് കൊടുങ്ങല്ലൂരിന്റെ അടുക്കള

പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട മലബാറുകാർക്ക് അടുക്കള തിരിച്ചു നൽകാൻ കൊടുങ്ങല്ലൂർ നഗരസഭ ജീവനക്കാരുടെ കൂട്ടായ്മ. നഗരസഭയിലെ 75 ജീവനക്കാരാണ് വടക്കൻ ജില്ലകളിലെ ദുരിതബാധിത മേഖലയിലേക്ക് അടുക്കള സാമഗ്രികൾ വഴി സഹായമെത്തിക്കുന്നത്. പ്രയാസമനുഭവിക്കുന്ന 100 കുടുംബങ്ങൾക്കുള്ള ഒന്നരലക്ഷം രൂപയുടെ പാത്രങ്ങളാണ് നൽകുന്നത്. മലബാറിലെ ജനതയ്ക്ക് ഏത് രീതിയിൽ സഹായം നൽകണമെന്ന ചിന്തയാണ് അവർ തിരികെ വീട്ടിലെത്തുമ്പോൾ അവർക്കാവശ്യമായ പാത്രങ്ങളും ആവശ്യസമഗ്രികളും നൽകാമെന്ന തീരുമാനത്തിലേയ്ക്ക് നയിച്ചത്. കലം, ചീനച്ചട്ടി, ചായപ്പാത്രം, സോസ് പാൻ, പ്ളേറ്റ്, ഗ്ലാസ്, തവി, ചെരുവം തുടങ്ങിയ പൊതുജനങ്ങൾക്ക് കൂടി പങ്കുചേരാവുന്ന വിധത്തിലായിരുന്നു ഈ ഉദ്യമം. പുതിയവ വാങ്ങാനുള്ള പണം നൽകിയും പുതിയ പാത്രങ്ങൾ വാങ്ങി നൽകിയും വീട്ടിനുള്ളിലെ ഉപയോഗിക്കാത്ത പാത്രങ്ങൾ നൽകിയുമാണ് ഓരോരുത്തരും സഹകരിച്ചത്. പാത്രങ്ങൾ കൂടാതെ മരുന്നും വസ്ത്രവും നല്കിയവരുമുണ്ട്. പാത്രങ്ങളുമായി ഇന്ന് (ആഗസ്റ്റ് 15) രാവിലെ നഗരസഭയിൽ നിന്ന് വണ്ടി പുറപ്പെടും.

## കൊടുങ്ങല്ലൂരിൽ കളക്ഷൻ സെന്റർ

പ്രളയബാധിതർക്കായി കൊടുങ്ങല്ലൂർ താലൂക്കിന്റെ ആഭിമുഖ്യത്തിൽ കളക്ഷൻ സെന്റർ ആരംഭിച്ചു. ജില്ലാ കളക്ടർ എസ്. ഷാനവാസിന്റെ നിർദ്ദേശമനുസരിച്ചാണിത്. കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ മൈതാനിയിൽ ആരംഭിച്ച കളക്ഷൻ സെന്റർ രാവിലെ 9 മണി മുതൽ 7 മണി വരെ കൊടുങ്ങല്ലൂർ തഹസിൽദാർ രേവയുടെ നേതൃത്വത്തിൽ പ്രവർത്തിക്കും. എംഎൽഎമാരായ ഇ.ടി ടൈസൺ മാസ്റ്റർ, അഡ്വ. വി.ആർ സുനിൽ കുമാർ, കൊടുങ്ങല്ലൂർ നഗരസഭ ചെയർമാൻ കെ.ആർ. ജൈത്രൻ, മറ്റു ജനപ്രതിനിധികൾ, സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തകർ എന്നിവരുടെ പിന്തുണയോടെയാണ് സെന്ററിന്റെ പ്രവർത്തനം.

## സിഎംഡിആർഎഫിലേക്ക് സഹായം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഒരു ലക്ഷം രൂപയുടെ ചെക്ക് ജില്ലാ കള്കടർക്ക് കൈമാറി. എൽപിജി സെയിൽസ് മാനേജർ മഞ്ജുഷ, ജില്ലാ സപ്ലൈ ഓഫീസർ ശിവകാമി അമ്മാൾ എന്നിവർ സന്നിഹിതരായി.

## കുഴൂർ നിയോജമണ്ഡലം : ഉപതിരഞ്ഞെടുപ്പ്

കുഴൂർ ഗ്രാമപഞ്ചായത്തിലെ കുഴൂർ നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർ പട്ടിക ആഗസ്റ്റ് 14 ന് പ്രസിദ്ധീകരിക്കും. നാമനിർദ്ദേശ പത്രിക ആഗസ്റ്റ് 16 വരെ രാവിലെ 11 നും മൂന്നിനും ഇടയിൽ സമർപ്പിക്കാം. സൂക്ഷ്മ പരിശോധന ആഗസ്റ്റ് 17 ന് നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന ദിവസം ആഗസ്റ്റ് 19 ആണ്. വോട്ടെടുപ്പ് സെപ്തംബർ മൂന്നിന് രാവിലെ എഴ് മണിക്ക് ആരംഭിച്ച് വൈകീട്ട് അഞ്ച് മണിക്ക് അവസാനിക്കും. വോട്ടെണ്ണൽ ആഗസ്റ്റ് നാലിന് രാവിലെ 10 ന് നടക്കുമെന്ന് ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ വി മുരളീധരൻ അറിയിച്ചു.

## ലൈഫ് പദ്ധതി: രേഖകൾ ഹാജരാക്കണം

ലൈഫ് ഫേസ് 3 ഭൂരഹിത-ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ രേഖാപരിശോധനയ്ക്കും അർഹതാ പരിശോധനയ്ക്കുമായി തൃശൂർ കോർപ്പറേഷൻ ഓഫീസിൽ നേരിട്ട് എത്തണമെന്ന് സെക്രട്ടറി അറിയിച്ചു. റേഷൻകാർഡ് (പുതിയത്/പഴയത്), സ്വന്തമായോ കുടുംബാംഗങ്ങളുടെ പേരിലോ നിലവിൽ വസ്തു/പരമ്പരാഗതമായി ഭൂമി കൈമാറിക്കിട്ടാനോ ഉള്ള സാധ്യത ഇല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിന്നുള്ള റസിഡൻഷ്യൽ സാക്ഷ്യപത്രം, വില്ലേജ് ഓഫീസ് നിന്നുള്ള വാർഷിക വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് (കാൻസർ രോഗികൾ, മാനസിക വെല്ലുവിളി നേരിടുന്നവർ, പക്ഷാഘാത്താൽ തളർന്നുകിടക്കുന്നവർ, അൽഷിമേഴ്സ്, ഡയാലിസിസ് ചെയ്യുന്നവർ), ആധാർകാർഡ് എന്നിവയാണ് പരിശോധനയ്ക്ക് ഹാജരാക്കേണ്ട രേഖകൾ. പരിശോധനയ്ക്ക് എത്തേണ്ട തീയതി, ഡിവിഷൻ യഥാക്രമത്തിൽ: ഡിവിഷൻ 1,2-ആഗസ്റ്റ് 26: 3,4-27: 5,6-29: 7,8-31: 9,10-സെപ്തംബർ 2: 11,12-3: 13,14-4: 15,16-5: 17,18-16: 19,20-17: 21,22-18: 23,24-19: 25,26-23: 27,28-24: 29,30-25: 31,32-26: 33,34-30: 35,36-ഒക്ടോബർ 1: 37,38-2: 39,40-3: 41,42-8: 43,44-9: 45,46-11: 47,48-15:49,50-16: 51,52-17: 53,54-22: 55-23.

## മാധ്യമ അവാർഡ് : തീയതി നീട്ടി

കേരള മീഡിയ അക്കാദമിയുടെ 2018 ലെ മാധ്യമ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. ദിനപത്രങ്ങളിലെ മികച്ച എഡിറ്റോറിയലിനുള്ള വി.കരുണാകരൻ നമ്പ്യാർ അവാർഡ്, മികച്ച പ്രാദേശിക ലേഖകനുള്ള ഡോ.മൂർക്കന്നൂർ നാരായണൻ അവാർഡ് എന്നിവയ്ക്ക് ആഗസ്റ്റ് 24

വരെ അപേക്ഷിക്കാം. 2018 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെ മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളാണ് പരിഗണിക്കുക. റിപ്പോർട്ടിൽ ലേഖകന്റെ പേര് ചേർത്തിട്ടില്ലെങ്കിൽ സ്ഥാപനത്തിന്റെ മേലാധികാരിയുടെ ഇതു സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കണം. ഒരാൾക്ക് പരമാവധി മൂന്ന് എൻട്രികൾ വരെ അയ്ക്കാം. എൻട്രിയുടെ ഒരു ഒറിജിനലും മൂന്ന് കോപ്പികളും സഹിതം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി - 682 030 എന്ന വിലാസത്തിൽ ലഭിക്കണം. അയയ്ക്കുന്ന കവറിനുപുറത്ത് ഏത് വിഭാഗത്തിലേയ്ക്കുള്ള എൻട്രിയാണ് എന്ന് രേഖപ്പെടുത്തണം. ഫലകവും 25,000 രൂപയും പ്രശസ്തി പത്രവുമാണ് പുരസ്കാരജേതാക്കൾക്കു ലഭിക്കുക. ഫോൺ: 0487-2422275, 2422068.

## മാതൃക കൃഷിത്തോട്ടം : അപേക്ഷ ക്ഷണിച്ചു

വെള്ളാങ്കല്ലൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന വേളൂക്കര, വെള്ളാങ്കല്ലൂർ, പുത്തൻചിറ, പൂമംഗലം, പടിയൂർ എന്നീ കൃഷി ഭവനുകളിൽ ആത്മ പ്ലസ് പദ്ധതിയുടെ ഭാഗമായി സംയോജിത മാതൃക കൃഷിത്തോട്ടം ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ ആഗസ്റ്റ് 24 വൈകീട്ട് നാല് മണിക്കകം അതാത് കൃഷിഭവനുകളിൽ അപേക്ഷ നൽകണം. കൃഷി കൂടാതെ മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യകൃഷി, തേനീച്ച വളർത്തൽ, കോഴി വളർത്തൽ, കൂൺകൃഷി, ജൈവവള ഉൽപാദനം, വെർമി കമ്പോസ്റ്റ് എന്നിവയിൽ ഏതെങ്കിലും മൂന്ന് മേഖലകൾ അവലംബിക്കുന്നവർക്കാണ് ആനുകൂല്യം നൽകുകയെന്ന് വെള്ളാങ്കല്ലൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. ഫോൺ: 0480-2787177.

## അപേക്ഷ ക്ഷണിച്ചു

കേരള കലാമണ്ഡലം കൽപിത സർവകലാശാലയിൽ 2019-20 അദ്ധ്യയന വർഷത്തിൽ ഇന്റഗ്രേറ്റഡ് എംഫിൽ-പിഎച്ച്ഡി, ഡയറക്ട് പിഎച്ച്ഡി കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി സെപ്തംബർ മൂന്ന്. വിശദവിവരങ്ങളും അപേക്ഷാഫോമും www.kalamandalam.org വെബ്സൈറ്റിൽ ലഭിക്കും.

## ക്യാമ്പുകളിൽ മെഡിക്കൽ സംഘം സുസജ്ജം

ജില്ലാ മെഡിക്കൽ ഓഫീസിന്റെ നേതൃത്വത്തിൽ ജില്ലയിൽ ഇതുവരെ 1008 മെഡിക്കൽ ക്യാമ്പുകൾ നടത്തി. ക്യാമ്പുകളിൽ മോഡേൺ മെഡിസിൻ, ആയുർവേദ, ഹോമിയോപതി ഡോക്ടർമാരടങ്ങിയ സംയുക്ത മെഡിക്കൽ സംഘത്തിന്റെ സേവനം ലഭ്യമാക്കി വരുന്നു. ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർക്കു പുറമെ കൂടുതൽ അന്തേവാസികളുള്ള ക്യാമ്പുകളിലേക്ക് ഗവണ്മെന്റ് മെഡിക്കൽ കോളേജ്, അമല മെഡിക്കൽ കോളേജ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽനിന്നുള്ള ഡോക്ടർമാരെയും ഗവണ്മെന്റ് നഴ്സിംഗ് സ്കൂൾഗവണ്മെന്റ് നഴ്സിംഗ്കോളേജ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെയും വിന്യസിച്ചു. ആരോഗ്യപ്രവർത്തകരുടെയും ആശാപ്രവർത്തകരുടെയും സേവനവും ക്യാമ്പുകളിൽ ലഭ്യമാണ്. എലിപ്പനിക്കെതിരെയുള്ള പ്രതിരോധമരുന്നായ ഡോക്സിസൈക്ലിൻ ക്യാമ്പുകളിൽ എല്ലാ വിതരണം ചെയ്തു. ക്യാമ്പുകളിൽ പകർച്ചവ്യാധികൾ ഉണ്ടാകുന്നതു തടയുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തി വരുന്നു. പാഞ്ഞാൾ, വിൽവട്ടം, വേലൂർ, വരവൂർ തുടങ്ങിയ പ്രദേശങ്ങളിലെ ക്യാമ്പുകളിൽ നിന്നും ചിക്കൻപോക്സ് റിപ്പോർട്ട് ചെയ്യപ്പെട്ടതിനെ തുടർന്ന് ഇവരെ ക്യാമ്പിൽ നിന്നും മാറ്റിപാർപ്പിച്ചു. ക്യാമ്പുകളിലെ കിണറുകളില്ലെല്ലാം ക്ലോറിനേഷൻ ചെയ്തു അണുനശീകരണം നടത്തിവരുന്നു. ക്യാമ്പുകളിൽ ആരോഗ്യബോധവത്കരണ ക്ലാസുകൾ നടത്തി. ക്യാമ്പുകളിൽ താമസിക്കുമ്പോഴും തുടർന്ന് പ്രളയശേഷം വീടുകളിലേക്ക് മടങ്ങുമ്പോൾ പാലിക്കേണ്ട സുരക്ഷാമാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖകളും വിതരണം ചെയ്തു.